"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസം - ഇളമ്പള്ളൂർ എസ്.എൻ.എസ്.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ(എസ്.എസ്) ശ്രീമതി.ജയവല്ലി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21496/2021 ലെ 08.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസം (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.2080/2022/GEDN തീയതി,തിരുവനന്തപുരം, 30-03-2022

---

പരാമർശം:-

1. ശ്രീമതി.ജയവല്ലിയുടെ 14.08.2021 ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി4)
2. ശ്രീമതി.ജയവല്ലി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21496/2021 ലെ 08.10.2021 ലെ വിധിന്യായം
3. കൊല്ലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.01.2022 ലെ ബി6/3094/2021 ലെ കത്ത്

**ഉത്തരവ്**

ഇളമ്പള്ളൂർ എസ്.എൻ.എസ്.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ (എസ്.എസ്) ശ്രീമതി.ജയവല്ലി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.21496/2021 ലെ 08.10.2021 ലെ വിധിന്യായത്തിൽ ഹർജിക്കാരി ഫയൽ ചെയ്ത എക്സിബിറ്റ് പി4 റിവിഷൻ ഹർജി ഹർജിക്കാരിയെ ഉചിതമാർഗേണ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതു വിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം ഈ കേസുമായി ബന്ധപ്പെട്ടവരുടെ വാദം ഗൂഗിൾ മീറ്റ് വഴി 24.1.2022-ന് കേട്ടു. ഹർജിക്കാരുടെ വാദം ചുവടെ ചേർക്കുന്നു.

"എ) 2010-11 വർഷം എച്ച്.എസ്.എ (എസ്.എസ്) ന് ഒരധിക തസ്തിക അനുവദിച്ചു. Anticipated and new post created during 2010-11 എന്ന് രേഖപ്പെടുത്തികൊണ്ട് എന്നെ 15/06/2010 മുതൽ പ്രാബല്യത്തിൽ നിയമനം തന്നു. കൊല്ലം ഡി.ഇ.ഒ 05/01/2012-ൽ നം. B6/59/2012/K.Dis. ഉത്തരവിൽ "The appointment is approved as H.S.A (SS) w.e.f 01/06/2011 against the addl post created during 2010-2011 on the strength of the declaration of the Manager." എന്നാണ്.

ബി) 2006-07 മുതൽ 2009-10 വരെ കാലയളവിൽ ഈ സ്കൂളിൽ അധിക തസ്തികയിൽ നിയമനം നടത്തിയിട്ടില്ല. ആയതിനാൽ 12/01/2010-ലെ (പി) 10/10 ഉത്തരവിലെ റൂൾ V പ്രകാരം

തുടർന്നുണ്ടാകുന്ന വേക്കൻസികളിൽ സംരക്ഷിതാധ്യാപകനെ നിയമിച്ചുകൊള്ളാമെന്ന് ബോണ്ട് മാനേജർ സമർപ്പിക്കേണ്ട ആവശ്യമില്ലായിരുന്നു. 10/10 ഉത്തരവിലെ vi-ൽ ഭാവിയിൽ ഉണ്ടാകുന്ന അധിക ഡിവിഷൻ ഒഴിവുകൾ 1:1 എന്ന റേഷ്യോയിൽ നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തു.

സി) 2010-11-ലെ ഫിക്സേഷനിൽ അധികമായി ഒരു എച്ച്എസ്.എ (എസ്.എസ്) തസ്തിക അനുവദിച്ചു. അതേ സമയം ഡ്രോയിംഗ് തസ്തിക ഒഴിഞ്ഞു കിടക്കുകയായിരുന്നു. മാനേജർ 15/06/2010 മുതൽ എനിക്ക് എച്ച്എസ്.എ (എസ്.എസ്) തസ്തികയിൽ നിയമനം തന്നു. ഡ്രോയിംഗ് ടീച്ചറിന്റെ തസ്തിക സംരക്ഷിതാധ്യാപകനെ നിയമിക്കുന്നതിന് സമ്മതിച്ച് 24/11/2011-ൽ ബോണ്ട് സമർപ്പിച്ചു.

ഡി) ബോണ്ടിന്റെ അടിസ്ഥാനത്തിൽ ഉപ്പൂട് എം.എം.എച്ച്.എസ് ലെ തസ്തിക നഷ്ടപ്പെട്ട ഡ്രോയിംഗ് അധ്യാപകനായ ശ്രീ.റ്റി.എൻ.അനിൽ കുമാറിനെ സംരക്ഷിതാധ്യാപകനെന്ന നിലയിൽ വിദ്യാഭ്യാസ ഉപഡയറക്ടർ 16/11/2011-ലെ ബി1/9101/2010 ഉത്തരവ് പ്രകാരം നിയമിക്കുകയുണ്ടായി. മാനേജർ ബോണ്ട് വെച്ചതിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടർ 16/11/2011 ഉത്തരവു പ്രകാരം ഒരു സംരക്ഷിതാധ്യാപകനെ ഈ സ്കൂളിൽ നിയമിച്ചതിനുശേഷം 15/06/2010 മുതലുള്ള എന്റെ നിയമനം 05/01/2012-ലെ ഉത്തരവു പ്രകാരം 01/06/2011 മുതൽ അംഗീകരിച്ചത് ന്യായീകരിക്കത്തക്കതല്ല.

Order No. B6/59/2012/K.Dis dated 05/01/2012- ൽ

"the appointment is approved as HSA (S.S) w.e.f 01/06/2011 against the addl. Post created during 2010-11 on the strength of the declaration of the Manager." ടി അംഗീകാര ഉത്തരവിൽ നിന്നും രണ്ടു കാര്യങ്ങൾ വ്യക്തമാണ്. അവ.

i. എനിക്ക് നിയമനാംഗീകാരം നൽകിയിരിക്കുന്നത് അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തിയല്ല

ii. മാനേജരുടെ "Declaration" ന്റെ അടിസ്ഥാനത്തിലാണ്. ബോണ്ട് അല്ലാതെ മാനേജർ പുതുതായി declaration ഒന്നും കൊടുത്തിട്ടുമില്ല. 12/01/2010-ലെ 10/10 ഉത്തരവു പ്രകാരം 1:1 പാലിക്കുന്നതിനു വേണ്ട ബോണ്ട് സമർപ്പിക്കുകയും സംരക്ഷിതാധ്യാപകനെ ഡി.ഡി.ഇ നിയമിച്ചിട്ടും 15/06/2010 മുതലുള്ള എന്റെ നിയമനം 01/06/2011 മുതലാക്കിയതിന് സർക്കാർ ഉത്തരവിന്റെ പിൻബലമില്ലാത്തതിനാൽ അസാധുവാണ്.

XIV A – യിലെ റൂൾ 8 (2) – ൽ:

"The Educational Officer on receipt of the appointment order and other records mentioned in sub-rule (1) may approve the appointment if it is in accordance with the provisions of the Act, Rules and orders." എന്നാണ്.

നിയമന പ്രപ്പോസൽ നിയമപ്രകാരമാണെങ്കിൽ അംഗീകരിക്കുകയോ അല്ലെങ്കിൽ നിരസിക്കുകയോ ചെയ്യാമെന്നല്ലാതെ നിയമന തീയതി തിരുത്തുന്നതിന് ഡി.ഇ.ഒ.യെ റൂൾ അനുവദിക്കുന്നില്ല.

15/06/2010 മുതലുള്ള എന്റെ നിയമനാംഗീകാരം നിരസിച്ചതിന് മതിയായ കാരണങ്ങൾ XIV A – ലെ റൂൾ 8(3) പ്രകാരം മാനേജരെ അറിയിച്ചിട്ടുമില്ല.

ആയതിനാൽ നിയമനാംഗീകാരത്തിന് ഡി.ഇ.ഒ മറ്റു തടസ്സങ്ങളൊന്നും പറഞ്ഞിട്ടില്ലാത്തതിനാൽ നിയമനാംഗീകാര തീയതി 15/06/2010 മുതൽ ആക്കി തിരുത്തുന്നതിന് ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു.

ഇ) സങ്കട പരിഹാരത്തിനായി ഞാൻ 16/01/2017-ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് പരാതി സമർ പ്പിച്ചെങ്കിലും 13/07/2018 ലെ ഇ.റ്റി.1/31255/2018/ഡി.പി.ഐ ഉത്തരവു പ്രകാരം നിരസിക്കുകയാണുണ്ടായത്. 12/01/2010-ലാണ് (പി) നം.10/10/പൊ.വി.വ ഉത്തരവും 01/10/2011-ൽ (പി) 199/11/പൊ.വി ഉത്തരവും ഉണ്ടാകുന്നു. ഈ കാലയളവിനുള്ളിൽ 10-11 ൽ അനുവദിച്ച എച്ച്.എസ്.എ (എസ്.എസ്) ന്റെ അധിക തസ്തികയിൽ 15/06/2010 മുതൽ എനിക്കും 2011-12 ലെ സ്റ്റാഫ് ഫിക്സേഷൻ പ്രകാരം അനുവദിച്ച എച്ച്.എസ്.എ (എസ്.എസ്) അധിക തസ്തികയിൽ 01/08/2011 മുതൽ ശ്രീമതി. രശ്മി.ആർ.വി.യെ നിയമിക്കുകയുണ്ടായി. ടിയാളിന്റെ നിയമനാംഗീകാരം വളരെ വൈകി 31/05/2016-ൽ നം. ബി6/925/16 ഉത്തരവിൽ 29/01/2016-ലെ (പി) 29/16 ഉദ്ധരിച്ചുകൊണ്ട് 01/08/11 മുതൽ 31/03/12 വരെ ദിവസ വേതനത്തിലും തുടർന്ന് 04/06/2012 മുതൽ ശമ്പള സ്കെയിലിലും നിയമനാംഗീകാരം നൽകി.

എഫ്) ശ്രീമതി ആർ.വി രശ്മിയുടെ നിയമനം 01/08/2011 മുതൽ ശമ്പള സ്കെയിലിൽ അനുവദിച്ചു കിട്ടുന്നതിനുവേണ്ടി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ അപ്പീൽ അനുവദിച്ച 21/12/2016-ൽ ബി3/17737/2016/കെ.ഡിസ് ഉത്തരവായി. 29/01/2016 ലെ (പി) 29/16 ഉത്തരവിന്റെ പരിധിയിൽ ശ്രീമതി. ആർ.വി രശ്മി വരികയും ആനുകൂല്യം കൊടുക്കുകയും ചെയ്ത സ്ഥിതിക്ക് അതേ കാലയളവിൽ നിയമിക്കപ്പെട്ട എനിക്ക് അതേ റൂളിനെ അടിസ്ഥാനമാക്കി അംഗീകാരം കിട്ടാതെ കിടക്കുന്ന 15/06/2010 മുതൽ 01/06/2011 വരെയുള്ള കാലയളവിന് അംഗീകാരം തരണമെന്നപേക്ഷിക്കുന്നു.

അദ്ധ്യായം XXI-ലെ റൂൾ 7 ( 2 ) പ്രകാരം അധിക തസ്തികയിൽ 1 : 1 റേഷ്യോയിൽ സംരക്ഷിതാധ്യാപകനെ നിയമിക്കണമെന്നുള്ള വ്യവസ്ഥയ്ക്ക് പ്രാബല്യം 29/01/2016 മുതലാണ്. അതിനാൽ 15/06/2010 മുതൽ എച്ച്.എസ് (എസ്.എസ്) ആയി അധിക തസ്തികയിലെ നിയമനാംഗീകാരത്തിന് യാതൊരു നിയമ തടസ്സവുമില്ല.

ജി) ശ്രീമതി.പ്രീത.പി, ശ്രീമതി.ജിഷ്ന ഗോവിന്ദ്, എന്നിവരെ 27/07/2006 മുതൽ അധിക തസ്തികകളിൽ നിയമിച്ചു. എന്നാൽ അവരുടെ നിയമനം 01/06/2011 മുതലാണ് അംഗീകരിച്ചത്. നിയമന തീയതി മുതൽ അംഗീകാരം കിട്ടുന്നതിന് ബഹു.ഹൈക്കോടതിയിൽ W.P.(C) 7832/2014 ഫയൽ ചെയ്ത കേസിൽ 12/01/2010 ലെ G.O.(P) 10/10 പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചതായി കണക്കാക്കി നിയമന തീയതി മുതൽ അംഗീകാരം നൽകുവാൻ 09/02/2015-ൽ വിധിയായി. ടി വിധിയ്ക്കെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ W.A No.2592/2015 ഫയൽ ചെയ്ത കേസിൽ.

"In the result, the writ appeal is dismissed but it is clarified that the approval ordered to be granted, assuming the Manager to have executed a bond as stipulated by G.O.(P) No. 10/10/G.Edn. Dated 12/01/2010."

മാനേജർ ബോണ്ട് വെച്ചതായി കണക്കാക്കി നിയമനതീയതി മുതൽ അധിക തസ്തികയിലെ നിയമനം അംഗീകരിച്ചു നൽകുവാൻ വിധിയായിരിക്കെ ബോണ്ട് സമർപ്പിക്കുകയും ഒരു സംരക്ഷിതാധ്യാപകനെ ഈ സ്കൂളിലേക്ക് നിയമിച്ചിട്ടും നിയമന തീയതി മുതലുള്ള അംഗീകാരം നിഷേധിച്ചത് നീതികരിക്കാവുന്നതല്ല.

മേൽ വിവരിച്ച വസ്തുതകൾ പരിഗണിച്ച് എന്റെ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലെ 15/06/2010 മുതൽ 01/06/2011 വരെ അംഗീകാരം ലഭിക്കാതെ അവശേഷിക്കുന്ന കാലയളവുകൂടി അംഗീകരിച്ചു കിട്ടുവാനാവശ്യമായ നടപടി ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു."

2) ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ വാദം ചുവടെ ചേർക്കുന്നു.

"എ) ഇളമ്പള്ളൂർ എസ്.എൻ.എസ്.എം.എച്ച്.എസ്.എസ് 1979 ന് മുമ്പുള്ള സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുന്നതാണ്. 2010-11 വർഷത്തെ എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അധിക തസ്തികയിൽ ശ്രീമതി. ജയവല്ലി.കെ 15/06/2010 മുതൽ നിയമിക്കുകയും. അധിക തസ്തികയിലെ നിയമനം ആയതിനാൽ ജി.ഒ.(പി) 10/10/പൊ.വി.വ തീയതി 12/01/2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാനേജർ നിശ്ചിത ബോണ്ട് സമർപ്പിക്കാത്തതിനാൽ ടിയാരിയുടെ

നിയമനം ഈ കാര്യാലയത്തിൽ നിന്നും നിരസിച്ചിരുന്നു. സർ ക്കാരിന്റെ 01/10/2011 ലെ സ.ഉ.നം.199/2011/പൊ.വി.വ ഉത്തരവ് പ്രകാരം അദ്ധ്യാപക പാക്കേജ് നിലവിൽ വന്നപ്പോൾ ടിയാരിയെ അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തുകയും (SL. No.123) 01/06/2011 മുതൽ നിയമനം അംഗീകരിച്ചു നൽകുകയും ചെയ്തു. ഹർജിക്കാരിയുടെ പ്രധാന ആവശ്യം അവരുടെ നിയമന തീയതിയായ 15/06/2010 മുതൽ നിയമനാംഗീകാരം നൽകണമെന്നതാണ്.

ബി) ശ്രീമതി. ജയവല്ലി.കെ യുടെ എച്ച്.എസ്.ടി (എസ്.എസ്) തസ്തികയിലെ നിയമന തീയതിയായ 15/06/2010 മുതൽ 31/05/2011 വരെയുള്ള നിയമനാംഗീകാരം ലഭിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ, അദ്ധ്യാപക പാക്കേജിൽ ഉൾ പ്പെടുത്തി 01/06/2011 മുതൽ അംഗീകാരം ലഭിച്ചവരുടെ അതിന് മുൻപുള്ള സർവ്വീസ് ക്രമീകരിക്കുന്നതിന് ഉത്തരവുകൾ ഒന്നും തന്നെ നിലവിൽ ഇല്ലാത്തതിനാൽ ടിയാരിയുടെ അപേക്ഷ നിരസിച്ചിട്ടുള്ളതാണ്.

സി) 15/07/2010 ലെ സ്റ്റാഫ് സ്റ്റേറ്റ്മെന്റ് പ്രകാരം എച്ച്.എസ്.ടി (എസ്.എസ്) ഒരു അധിക തസ്തിക ഉൾപ്പെടെ 6 എച്ച്.എസ്.ടി (സോഷ്യൽ സയൻസ്) അനുവദിച്ചതിൽ 6-ാമത്തെ തസ്തികയിൽ 15/07/2010 മുതൽ 31/05/2011 വരെ നില നിൽക്കുവാൻ ഒഴിവ് വ്യവസ്ഥാപിതമാണ്. ശ്രീമതി.ജയവല്ലിയുടെ റിവിഷൻ അപ്പീലിൽ പരാമർശിക്കുന്ന സംരക്ഷിത അദ്ധ്യാപകനായ ശ്രീ.അനിൽ കുമാർ (എം.എം.എച്ച്.എസ്. , ഉപ്പൂട്) ചിത്രകല അദ്ധ്യാപകൻ ടി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചിട്ടില്ല എന്ന വിവരം അറിയിച്ചുകൊള്ളുന്നു.”

3 ) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ഹർജിക്കാരിയുടെ പ്രധാന ആവശ്യം അവരുടെ നിയമന തീയതിയായ 15/06/2010 മുതൽ നിയമനാംഗീകാരം നൽകണമെന്നതാണ്. ഈ ആവശ്യം അനുവദിക്കാവുന്നതാണോ എന്നു പരിശോധിച്ചു. അധിക തസ്തികയിലെ നിയമനം ആയതിനാൽ ജി.ഒ.(പി) 10/10/പൊ.വി.വ തീയതി 12/01/2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാനേജർ നിശ്ചിത ബോണ്ട് സമർപ്പിക്കാത്തതിനാൽ ടിയാരിയുടെ നിയമനം ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചിരുന്നു. അദ്ധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി 01/06/2011 മുതൽ അംഗീകാരം ലഭിച്ചവരുടെ അതിന് മുൻപുള്ള സർവ്വീസ് ക്രമീകരിക്കുന്നതിന് ഉത്തരവുകൾ ഒന്നും തന്നെ നിലവിൽ ഇല്ലാത്തതിനാൽ ടിയാരിയുടെ അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചിട്ടുള്ളതാണ്. ഈ രണ്ടു തടസ്സ വാദങ്ങളും പരിശോധിക്കുമ്പോൾ 24.2.2011-ന് ജി.ഒ.(പി) 10/10/പൊ.വി.വ തീയതി 12/01/2010 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമുള്ള ബോണ്ട് മാനേജർ സമർപ്പിച്ചിട്ടുള്ളതായ രേഖ

ഹാജരാക്കിയിട്ടുണ്ട് എന്നതിനാലും, 01/06/2011 മുതൽ അംഗീകാരം ലഭിച്ചവരുടെ അതിന് മുൻപുള്ള സർവ്വീസ് ക്രമീകരിക്കുന്നതിന് ഉത്തരവുകൾ ഒന്നും തന്നെ നിലവിൽ ഇല്ലെങ്കിൽ കൂടി ഓരോ കേസിന്റെയും മെറിറ്റ് കണക്കിലെടുത്ത് മുൻ കാല സർവ്വീസ് അംഗീകരിച്ചു വരുന്നതിനാലും, ഇവിടെ, ഹർജിക്കാരിയുടെ ഒഴിവ് വ്യവസ്ഥാപിതമാണെന്നും ഹർജിക്കാരി പ്രസ്തുത കാലയളവ് ജോലിയെടുത്തിട്ടുണ്ടെന്നും ഉറപ്പു വരുത്തിയശേഷം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ നിയമന തീയതിയായ 15/06/2010 മുതൽ അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്കു നൽകി, എക്സിബിറ്റ് പി. 4 റിവിഷൻ ഹർജി തീർപ്പാക്കി അപ്രകാരം ഇളമ്പള്ളൂർ എസ്.എൻ.എസ്.എം.എച്ച്.എസ്.എസ് ലെ എച്ച്.എസ്.എ (എസ്.എസ്) ശ്രീമതി.ജയവല്ലി ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No.21496/2021 ലെ 08.10.2021 ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, എസ്.എൻ.എസ്.എം.എച്ച്.എസ്.എസ്, ഇളമ്പള്ളൂർ, കുണ്ടറ പി.ഒ., കൊല്ലം
ശ്രീമതി.ജയവല്ലി, എച്ച്.എസ്.എ (എസ്.എസ്), എസ്.എൻ.എസ്.എം.എച്ച്.എസ്.എസ്,
ഇളമ്പള്ളൂർ, കുണ്ടറ പി.ഒ., കൊല്ലം
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 30-03-2022 15:16:00**
സെക്ഷൻ ഓഫീസർ